©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 14
Vol. XIV

തിരുവനന്തപുരം,
ബുധൻ
Thiruvananthapuram,
Wednesday

2025 ആഗസ്റ്റ് 27
27th August 2025
1201 ചിങ്ങം 11
11th Chingam 1201
1947 ഭാദ്രം 5
5th Bhadra 1947

നമ്പർ
No.
3092

കേരള സർക്കാർ

നികുതി (ഇ) വകുപ്പ്

വിജ്ഞാപനം

ജി.ഒ.(പി) നമ്പർ.137/2025/നികുതി — തിരുവനന്തപുരം, *2025 ആഗസ്റ്റ് 26*

1201 ചിങ്ങം 10

എസ്. ആർ. ഒ. നമ്പർ 975/2025

2012-ലെ കേരള ആധാരമെഴുത്തുകാരുടെയും, പകർപ്പെഴുത്തുകാരുടെയും, സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ആക്റ്റിലെ (2013-ലെ 7) 3-ാം വകുപ്പും 8-ാം വകുപ്പും പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിനിയോഗിച്ച്, കേരള സർക്കാർ, 2013 ഏപ്രിൽ 9-ാം തീയതിയിലെ ജി.ഒ.(പി)നമ്പർ.68/2013/നി.വ. പ്രകാരം പുറപ്പെടുവിച്ചതും 2013 ഏപ്രിൽ 10-ാം തീയതിയിലെ 1040-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 294/2013 ആയി പ്രസിദ്ധീകരിച്ചതുമായ 2013-ലെ കേരള ആധാരമെഴുത്തുകാരുടെയും, പകർപ്പെഴുത്തുകാരുടെയും, സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതി താഴെപ്പറയും പ്രകാരം വീണ്ടും ഭേദഗതി ചെയ്യുന്നു, അതായത് :-

പദ്ധതി

1. ചുരുക്കപ്പേരും പ്രാരംഭവും.- (1) ഈ പദ്ധതിക്ക് 2025-ലെ കേരള ആധാരമെഴുത്തുകാരുടെയും, പകർപ്പെഴുത്തുകാരുടെയും, സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി (ഭേദഗതി) പദ്ധതി എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. പദ്ധതിയുടെ ഭേദഗതി.—2013-ലെ കേരള ആധാരമെഴുത്തുകാരുടെയും, പകർപ്പെഴുത്തുകാരുടെയും, സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതിയിൽ,-

(i) 21 (എ)(ii) ഖണ്ഡികയിൽ "അയ്യായിരം രൂപ" എന്ന വാക്കുകൾക്ക് പകരം "അയ്യായിരത്തി അഞ്ഞൂറ് " രൂപ എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(ii) 21 (ബി) ഖണ്ഡികയിൽ “4000/- രൂപ (നാലായിരം രൂപ), 5000/- രൂപ (അയ്യായിരം രൂപ)” എന്ന അക്കങ്ങൾക്കും ചിഹ്നങ്ങൾക്കും ബ്രാക്കറ്റുകൾക്കും വാക്കുകൾക്കും പകരം “5000 രൂപ (അയ്യായിരം രൂപ), 6000 രൂപ (ആറായിരം രൂപ)" എന്ന അക്കങ്ങളും ചിഹ്നവും ബ്രാക്കറ്റുകളും വാക്കുകളും ചേർക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ. ആർ ജ്യോതിലാൽ ഐ. എ. എസ്
അഡീഷണൽ ചീഫ് സെക്രട്ടറി
നികുതി വകുപ്പ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്)

2013 ഏപ്രിൽ 9-ാം തീയതിയിലെ ജി.ഒ.(പി) നം.68/2013/നി.വ പ്രകാരം പുറപ്പെടുവിച്ചതും, 2013 ഏപ്രിൽ 10-ാം തീയതിയിലെ 1040-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ. 294/2013 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനപ്രകാരം 2013-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. 2024 സെപ്റ്റംബർ 10-ാം തീയതിയിലെ ജി.ഒ.(പി)നം.112/2024/നി.വ. പ്രകാരം പുറപ്പെടുവിച്ചതും 2024 സെപ്റ്റംബർ 10-ാം തീയതിയിലെ 2908-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. 810/2024-ാം നമ്പറായി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനപ്രകാരം ഉത്സവബത്ത അയ്യായിരം രൂപയായി വർദ്ധിപ്പിച്ചിരുന്നു.

2020 ഫെബ്രുവരി 21-ാം തീയതിയിലെ ജി.ഒ.(പി)നം.25/2020/നി.വ. പ്രകാരം പുറപ്പെടുവിച്ചതും 2020 ഫെബ്രുവരി 25-ാം തീയതിയിലെ 627-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ 149/2020-ാം നമ്പറായി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനപ്രകാരം എസ്.എസ്.എൽ.സി., പ്ലസ് ടു, തത്തുല്യ കോഴ്സുകൾക്ക് യഥാക്രമം 4000/- രൂപ, 5000/- രൂപ എന്നീ നിരക്കിൽ വിദ്യാഭ്യാസ അവാർഡ് നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ക്ഷേമനിധി ബോർഡിന്റെ ശിപാർശകൾ അനുസരിച്ചും ക്ഷേമനിധി ബോർഡിന്റെ സാമ്പത്തിക സ്ഥിതി പരിഗണിച്ചും ഉത്സവബത്ത അയ്യായിരം രൂപ എന്നത് അയ്യായിരത്തി അഞ്ഞൂറ് രൂപയായി വർദ്ധിപ്പിക്കുന്നതിനും വിദ്യാഭ്യാസ അവാർഡ് തുക നാലായിരം രൂപ എന്നത് അയ്യായിരം രൂപ ആയും അയ്യായിരം രൂപ എന്നത് ആറായിരം രൂപ ആയും വർദ്ധിപ്പിക്കുന്നതിനും പ്രസ്തുത ആവശ്യത്തിലേയ്ക്കായി പ്രസ്തുത പദ്ധതിയിൽ അനുയോജ്യമായി ഭേദഗതി വരുത്തുവാനും സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.08.27 07:09:36 +05:30